Page 1 of 2

ജീവനക്കാർക്ക് ശമ്പളവും മറ്റ് ആശ്വാസ ധനസഹായവും നൽകുന്നതിലേയ്ക്ക് വിവിധ ഘട്ടങ്ങളിലായി സർക്കാർ 49,12,13,000 രൂപ അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽനിന്നും നൽകിയ തുകയുടെയും സർക്കാർ ഫണ്ടിൽനിന്നും നൽകിയ തുകയുടെയും പട്ടിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾ

94(5541) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ മലബാർ ദേവസ്വം ബോർഡിനുകീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് അറിയിക്കുമോ; അവയുടെ പേരുകൾ ഗ്രേഡ് സഹിതം പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ 41 ക്ഷേത്രങ്ങളാണുള്ളത്. ഇവയിൽ ശ്രീ എടവല്ലൂർ ക്ഷേത്രം-എടക്കര, ശ്രീ കോട്ടയിൽ കോവിലകം ക്ഷേത്രം - മുചുകുന്ന്, ശ്രീ മങ്ങാട് കോവിലകം ക്ഷേത്രം-ഇയ്യാട്, ശ്രീ പുതിയതെരു ഗണപതി ക്ഷേത്രം-കൊരയങ്ങാട് എന്നീ നാല് ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡുമായി സഹകരിച്ചുവരുന്നില്ല. ടി നാല് ക്ഷേത്രങ്ങൾ ഒഴികെയുള്ള 37 ക്ഷേത്രങ്ങളുടെ പേരുകൾ ഗ്രേഡ് സഹിതം പട്ടിക രൂപത്തിൽ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി)പ്രസ്തുത ക്ഷേത്രങ്ങളിൽ ഓരോന്നിലും ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് പട്ടികപ്പെടുത്തി നൽകാമോ?

പ്രസ്തുത ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധം (2)-ൽ* ചേർത്തിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡിൽ ക്ഷേത്രങ്ങൾക്ക് ഗ്രേഡിംഗ് നിശ്ചയിക്കുന്നതിന് സ്വീകരിക്കുന്ന വാർഷിക വരുമാന പരിധി ഓരോ ഗ്രേഡിനും ഏത് വിധമാണെന്ന് വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെ ഗ്രേഡിംഗ് നടത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള വാർഷിക വരുമാന പരിധി താഴെ പറയും പ്രകാരമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രേഡിംഗ്	വാർഷിക വരുമാനപരിധി
സ്പെഷ്യൽ ഗ്രേഡ്	75 ലക്ഷവും അതിന് മുകളിലും
എ ഗ്രേഡ്	25 ലക്ഷം മുതൽ 75 ലക്ഷം വരെ
ബി ഗ്രേഡ്	10 ലക്ഷം മുതൽ 25 ലക്ഷം വരെ
സി ഗ്രേഡ്	3 ലക്ഷം മുതൽ 10 ലക്ഷം വരെ
ഡി ഗ്രേഡ്	3 ലക്ഷം രൂപയിൽ താഴെ

മലബാർ ദേവസ്വം ബോർഡിൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക

95(5542) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേയ്ക്ക് പുതിയതായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ദേവസ്വം ജീവനക്കാർ എത്ര പേരുണ്ടെന്നറിയിക്കാമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡിനുകീഴിൽ, എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനം വഴി (Direct Recruitment) 9 പേർക്കും ക്ഷേത്ര ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് (by transfer) 9 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(സി) ദേവസ്വം ജീവനക്കാരിൽനിന്നും എക്സിക്യൂട്ടീവ് ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയ്ക്ക് കാലതാമസം നേരിട്ടതുകൊണ്ട് അർഹരായവർക്ക് നിയമനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ക്ഷേത്രജീവനക്കാരിൽനിന്നും എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കപ്പെടുന്നതിനുള്ള പ്രക്രിയയ്ക്ക് കാലതാമസം നേരിട്ടത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലനിന്നതുകൊണ്ടാണ്. പ്രസ്തുത വ്യവഹാരത്തിൽ തീർപ്പ് കല്പിച്ചതിനുശേഷം കാലതാമസം കൂടാതെ തന്നെ നിയമന പ്രക്രിയ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly